"ഭരണഭാഷ മാതൃഭാഷ"

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*75 | 30/10/2019- ൽ മറുപടിയ്ക്ക്

## നവോത്ഥാന മൂല്യങ്ങൾ ദൃഢമൂലമാക്കുന്നതിനുള്ള പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. എം. മുകേഷ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ: | ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി |
| എ) ഫാസിസ്റ്റ് പ്രകൃതം കൈമുതലാക്കിയിട്ടുള്ള ചില സംഘങ്ങൾ രാജ്യത്താകെ അച്ചടി-ദൃശ്യ മാധ്യമങ്ങളെയും സാമൂഹ്യ മാധ്യമങ്ങളെയും പ്രലോഭിപ്പിച്ചും വിവിധ ഏജൻസികളെ ഉപയോഗിച്ച് ഭീതിപ്പെടുത്തിയും വരുതിയിലാക്കി സമൂഹത്തിൽ വർഗീയ വിഭജനം സൃഷ്ടിക്കുന്ന പ്രവർത്തനം സംസ്ഥാനത്തേക്കും വ്യാപിപ്പിക്കാൻ നടത്തുന്ന ആപൽകരമായ നീക്കം ഫലപ്രദമായി ചെറുക്കുന്നതിന് ശാസ്ത്രീയ കാഴ്ചപ്പാടും നവോത്ഥാന മൂല്യങ്ങളും വ്യാപിപ്പിക്കുന്നതിന് നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം സ്ഥാപിച്ച് സാംസ്കാരിക രംഗത്ത് ഇടപെടൽ ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) ഉണ്ട്. ഇത്തരം പ്രവണതകളെ ചെറുക്കുന്നതിന് സാംസ്കാരിക രംഗത്ത് ഗുണപരമായ ഇടപെടൽ നടത്തുന്നതിനായി കേരളത്തിലെ 14 ജില്ലകളിലും ഏകദേശം 50 കോടി രൂപ വീതം ചെലവുചെയ്ത് ചുവടെ വിശദീകരിക്കും പ്രകാരം, നവോത്ഥാന, സാംസ്കാരിക നായകരുടെ നാമധേയത്തിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം - അയ്യങ്കാളി<br>കൊല്ലം - ശ്രീനാരായണഗുരു<br>ആലപ്പുഴ - പി. കൃഷ്ണപിള്ള<br>പത്തനംതിട്ട - ചട്ടമ്പിസ്വാമികൾ<br>ഇടുക്കി - അക്കാമ്മ ചെറിയാൻ<br>കോട്ടയം - ലളിതാംബിക അന്തർജ്ജനം<br>എറണാകുളം - സഹോദരൻ അയ്യപ്പൻ<br>തൃശ്ശൂർ - വള്ളത്തോൾ നാരായണമേനോൻ<br>പാലക്കാട് - വി.ടി. ഭട്ടതിരിപ്പാട്<br>മലപ്പുറം - അബ്ദുറഹ്മാൻ സാഹിബ്<br>കോഴിക്കോട് - വൈക്കം മുഹമ്മദ് ബഷീർ<br>കണ്ണൂർ- വാഗ്ഭടാനന്ദൻ<br>വയനാട് - എടച്ചേന കുങ്കൻ<br>കാസർഗോഡ് - സുബ്രഹ്മണ്യൻ തിരുമുമ്പ്<br>കേരളം കൈവരിച്ചിട്ടുള്ള ഉന്നത നവോത്ഥാന മൂല്യങ്ങൾ പരിപോഷിപ്പിക്കാനും നിലനിർത്താനും ഈ സാംസ്കാരിക |

സമുച്ചയങ്ങൾ സഹായിക്കുന്നതാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇതിനു പുറമേ സാംസ്കാരിക വകുപ്പ് ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സ്ഥാപിക്കുന്ന 'നാട്ടരങ്ങുകളും' സജീവ സാംസ്കാരിക സംവാദ ഇടങ്ങളായി വർത്തിച്ച് നമ്മുടെ സാമൂഹത്തിലെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിച്ച് നിലനിർത്തുന്നതിനായി സഹായകരമാവുന്നതാണ്.

ബി) സാംസ്കാരിക രംഗത്തെ ഉന്നത വ്യക്തിത്വങ്ങളായ അടൂർ ഗോപാലകൃഷ്ണൻ, എം.ടി.വാസുദേവൻ നായർ, കുരീപ്പുഴ ശ്രീകുമാർ, സുനിൽ പി ഇളയിടം, കമൽ, ആത്മീയാചാര്യന്മാരായ സ്വാമി അഗ്നിവേശ്, സന്ദീപാനന്ദഗിരി തുടങ്ങിയവർക്കെതിരെ നടത്തിയ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ വിയോജിക്കുന്നവരെ രാജ്യദ്രോഹികൾ എന്ന് മുദ്ര കുത്തുന്ന സാംസ്കാരിക അപചയം ചെറുക്കുന്നതിന് ബഹുസ്വരതയുടെ സന്ദേശം ഉയർത്തിപ്പിടിക്കുന്ന സംവാദ ഇടങ്ങൾ സൃഷ്ടിക്കാൻ പരിപാടിയുണ്ടോ;

(ബി) വർഗ്ഗീയതയും, വിദ്വേഷവും പ്രചരിപ്പിക്കുന്നുള്ള സംഘടിത ശ്രമങ്ങളെ ചെറുക്കുന്നതിന് ബഹുസ്വരതയുടെ സന്ദേശം ഉയർത്തിപ്പിടിക്കുന്ന സംവാദ ഇടങ്ങൾ സൃഷ്ടിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികത്തിൽ 'രക്തസാക്ഷ്യം' എന്ന പേരിൽ പ്രത്യേക പരിപാടി സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചത് ഈ അടിസ്ഥാനത്തിലായിരുന്നു. സംസ്ഥാനത്താകെ ആറായിരത്തോളം കേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി സെമിനാറുകളും അനുബന്ധ പരിപാടികളും സംഘടിപ്പിച്ചു. കൂടാതെ വിദ്യാർത്ഥികൾക്കായി പ്രത്യേക പരിപാടികളും സംഘടിപ്പിച്ചിരുന്നു.

എഴുത്തുകാർക്കിടയിലും ജനങ്ങൾക്കിടയിലും സഹകരണവും ആക്രമണങ്ങൾക്കെതിരായ ആശയപരമായ പ്രതിരോധവും വർദ്ധിപ്പിക്കാനുതകും വിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ വിവിധ അക്കാദമികളുടെയും മറ്റും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്.

സി) നവോത്ഥാന മൂല്യങ്ങൾ സമൂഹത്തിൽ രൂഢമൂലമാക്കുന്നതിനുള്ള പ്രവർത്തനം ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

സി) ഉണ്ട്. നവോത്ഥാന മൂല്യങ്ങൾ സമൂഹത്തിൽ രൂഢമൂലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാംസ്കാരിക വകുപ്പും, വകുപ്പിന് കീഴിലെ സാംസ്കാരിക സ്ഥാപനങ്ങളും പരിപാടികൾ ആവിഷ്കരിച്ച് നടത്തിവരുന്നുണ്ട്. ഈ ഉദ്ദേശ്യത്തോടെ നവോത്ഥാന നായകരുടെ ജീവചരിത്രങ്ങളും ആ കാലഘട്ടത്തെ പുനർവായിക്കുന്ന പഠനങ്ങളും പ്രസിദ്ധീകരിച്ചും വരുന്നു. ചരിത്രസംഭവങ്ങളുടെയും ചരിത്രത്തിലിടം പിടിച്ച വ്യക്തികളുടെയും അനുസ്മരണങ്ങൾ, അത്തരം സംഭവങ്ങളെ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ, സെമിനാറുകൾ തുടങ്ങിയ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**